തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദർഘാസ് പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവാഭരണം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽപ്പെട്ട വിവിധ ദേവസ്വങ്ങളിലേക്ക് ചുവടെ ചേർക്കുന്ന പ്രവർത്തികളിലേക്ക് അംഗീകൃത പാത്ര വ്യാപാരികളിൽ നിന്നും, പരിചയ സമ്പന്നരായ പണിക്കാരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 12.02.2018 ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് ഈ ആഫീസിൽ നിന്ന് അറിയാവുന്നതാണ്.

ക്രമ നംബർ	ജോലി വിവരം	അടങ്കൽ തുക	നിരത ദ്രവ്യം
1.	തിരുവല്ല ഗ്രൂപ്പിൽ കുന്നന്താനം സബ് ഗ്രൂപ്പിൽപ്പെട്ട ചുമത്ര ശ്രീ മഹാദേവ ക്ഷേത്രത്തിലെ ഉത്സവാദി അടിയന്തിരങ്ങൾക്ക് പാത്രങ്ങൾ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച്.	Rs. 64,253/-	Rs. 3,300/-
2.	സുമംഗലി കല്ല്യാണ മണ്ഡപത്തിൽ പാത്രങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.	Rs. 1,92,750/-	Rs. 9,700/-

ദർഘാസിനോടൊപ്പം നിരത ദ്രവ്യം തിരുവാഭരണം കമ്മീഷണറുടെ പേരിൽ ധനലക്ഷ്മി ബാങ്കിന്റെ പത്തനംതിട്ട ബ്രാഞ്ചിൽ മാറ്റത്തക്ക വിധമുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതാണ്. നിരത ദ്രവ്യം ഹാജരാക്കാതെ സമർപ്പിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അതാതു സ്ഥാപനങ്ങളുടെ ലെറ്റർ ഹെഡ്ഡിൽ വേണം ദർഘാസുകൾ ഹാജരാക്കേണ്ടത്. ദർഘാസുകൾ 12.02.2018 ഉച്ചയ്ക്ക് 1.00 P.M മണി വരെ തിരുവാഭരണം കമ്മീഷണറുടെ ആറൻമുളയിലുള്ള കാര്യാലയത്തിൽ സ്വീകരിക്കുന്നതും അന്നേ ദിവസം പകൽ 2.15 P.M ന് സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിച്ചു പരിശോധിക്കുന്നതും, ടെൻഡർ സമർപ്പിച്ചിട്ടുള്ള ഏറ്റവും കുറവു തുക ക്വോട്ടു ചെയ്തിട്ടുള്ള ആളുടെ പേർക്ക് കരാർ ഉറപ്പിക്കുന്നതിലേക്കായി ദേവസ്വം ബോർഡ് ആഫീസിലേക്ക് ശുപാർശ അയക്കുന്നതുമാണ്. ദേവസ്വം ബോർഡിൽ നിന്നും കരാർ അനുവദിക്കുന്ന മുറയ്ക്ക് കരാറുകാരന് നോട്ടീസ് നൽകണമെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ ആഫീസിൽ ഹാജരായി എഗ്രിമെന്റ് വെച്ച് തിരുവാഭരണം കമ്മീഷണറുടെ മേൽ നോട്ടത്തിൽ കാലതാമസം വരുത്താതെ ടി പ്രവർത്തികൾ ചെയ്ത് തീർക്കേണ്ടതുമാണ്. ദർഘാസുകൾ സ്വീകരിക്കുന്നതിനും യാതൊരു കാരണം കൂടാതെ നിരാകരിക്കുന്നതിനും ഇതു സംബന്ധിച്ചുള്ള അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമുള്ള പൂർണ്ണ അംഗീകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഈ കരാറിന് എന്തെങ്കിലും വിധത്തിലുള്ള നികുതികൾ സർക്കാരിലേക്ക് അടയ്ക്കേണ്ടി വന്നാൽ കരാറുകാരൻ ആയത് അടയ്ക്കേണ്ടതാണ്, ആയതിന് ദേവസ്വം ബോർഡ് ഉത്തരവാദിയല്ല. ഡിപ്പാർട്ട്മെന്റിന്റെ ഇതു സംബന്ധിച്ചുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നോ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്. കൂടാതെ www.travancore devaswom board.org വെബ് സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

നമ്പറുകൾ ചുവടെ ചേർക്കുന്നു.

തിരുവാഭരണം കമ്മീഷണർ ആഫീസ്, ആറൻമുള - 0468 2211207.
സുമംഗലി കല്ല്യാണ മണ്ഡപം - 0471 2311810.
അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, തിരുവല്ല - 0469 2633077.

ആറൻമുള
02/02/2018.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി
(ഒപ്പ്)
P.T ശ്രീലത
തിരുവാഭരണം കമ്മീഷണർ